[Mr. S. Parameswara Aiyar.]

Smuggling through the Arukutty Chowkey.

1. MR. T. KUMARA PILLAI (*Eraniel* cum *Vilavankod*) : With reference to the answer to question No. 7, asked on the 12th Tulam, 1099, will the Government be pleased to state whether they have passed orders on the report of the Excise Commissioner regarding the smuggling of cocoanut oil through the Arukutty chowkey, and, if so, what ?

MR. S. PARAMESVARA AIYAR (*Secretary to Government*) : The Excise Commissioner's report has been received and perused by the Government. It has been recorded, no further action being called for.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*) : അരുക്കുറ്റിയിൽക്കൂടി എത്ര വെളിച്ചെണ്ണയാണ് കൊണ്ടുപോയിട്ടുള്ളത് ?

MR. S. PARAMESVARA AIYAR (*Secretary to Government*) : എഴുപത്തിരണ്ടു വീപ്പ.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*) : മാനിഫെസ്റ്റിൽ എത്ര വീപ്പ വെളിച്ചെണ്ണയാണ് കൊള്ളിച്ചിരുന്നത് ?

MR. S. PARAMESVARA AIYAR (*Secretary to Government*) : അൻപത്തൊന്നു വീപ്പ.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*) : ആ അവസരത്തിൽ കൊണ്ടുപോയ വെളിച്ചെണ്ണയ്ക്ക് എത്രരൂപാ വിലവരും ?

MR. S. PARAMESVARA AIYAR (*Secretary to Government*) : പതിനായിരം രൂപാ.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*) : വെളിച്ചെണ്ണ ഇങ്ങനെ വ്യാജമായികൊണ്ടു പോകുന്ന അവസരത്തിൽ അതിനെ കണ്ടുപിടിച്ചാൽ പിഴ ഒടുക്കുന്നതിനുപുറമെ അതിനെ കണ്ടുകെട്ടാൻകൂടി നിയമം നിർബന്ധിക്കുന്നില്ലേ ?

MR. S. PARAMESVARA AIYAR (*Secretary to Government*) : ഇല്ല.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*) : ഈ സംഗതിയിൽ എക്സൈസ് കമ്മീഷണർ എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല ?

MR. S. PARAMESVARA AIYAR (*Secretary to Government*) : അദ്ദേഹത്തിന്റെ യുക്തംപോലെ ചെയ്യാം. ഈ സംഗതിയിൽ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ട ആവശ്യമുണ്ടെന്നു അദ്ദേഹത്തിനു തോന്നാത്തതുകൊണ്ടു് അങ്ങനെ ചെയ്തില്ല.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അതിനുള്ള വകുപ്പു് ഏതാണു്?

MR. S. PARAMESVARA AIYAR (*Secretary to Government*): അതു് ലാൻഡ്കസ്റ്റംസ് റഗുലേഷൻ ൨൬-ാം വകുപ്പു് ബി ഖണ്ഡപ്രകാരമുള്ള കുറ്റമാണു്. അതിനുള്ള ശിക്ഷ നു൭-ാം വകുപ്പു് ൨-ാം ഖണ്ഡത്തിൽ ക്ലിപ്തപ്പെടുത്തീട്ടുണ്ടു്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): വ്യാജമായി കൊണ്ടുപോയ വെളിച്ചെണ്ണ എപ്പോഴാണു് കണ്ടുപിടിച്ചതു്?

MR. S. PARAMESVARA AIYAR (*Secretary to Government*): കണ്ടുപിടിച്ചതു് ൧൦൯ മകരം ൨൮-ാനു-യാണു്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): വിടാൻ ഉത്തരവു കൊടുത്തതു്?

MR. S. PARAMESVARA AIYAR (*Secretary to Government*): ൧൦൯ കുംഭം ൨-ാനു-

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അതുകൊ റി അസിസ്റ്റൻറു് എക്സൈസ് കമ്മീഷണർ ഈ സംഗതിയെപ്പറ്റിയുള്ള റിപ്പോർട്ടും അതു സംബന്ധമായുള്ള റിക്കാർഡുകളും അപ്പോൾ എക്സൈസ് കമ്മീഷണക്കയച്ചുകൊടുത്തുവോ? അവ എപ്പോൾ കമ്മീഷണക്കു കിട്ടി?

MR. S. PARAMESVARA AIYAR (*Secretary to Government*): ൧൦൯ കുംഭം ൨൪-ാനു- കിട്ടി. അതിനുമുമ്പാണു് വിട്ടുവിച്ചിട്ടുള്ളതു്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ഈ റിക്കാർഡുകൾ സ്ഥലം ഉദ്യോഗസ്ഥൻ അയയ്ക്കുന്നതിനു മുമ്പു വിട്ടുകൊടുക്കാൻ കമ്മീഷണരെ പ്രേരിപ്പിച്ചതെന്താണു?

MR. S. PARAMESVARA AIYAR (*Secretary to Government*): കക്ഷിയും വക്കീലും എക്സൈസ് കമ്മീഷണരുടെ അടുക്കൽ വന്നു സങ്കടം പറഞ്ഞു. വക്കീലിന്റെ വാദം കേട്ടതിനുശേഷം വിട്ടുവിച്ചു.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അങ്ങനെയാണോ ഗവർൺമെൻറു് സാധാരണമായി ചെയ്യുവരാറുള്ളതു്?

MR. S. PARAMESVARA AIYAR (*Secretary to Government*): അങ്ങനേയും ചെയ്യാറുണ്ടു്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ അങ്ങനെ ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Parameswara Aiyar.]

MR. S. PARAMESVARA AIYAR (*Secretary to Government*): അതിനെത്തരം ഇപ്പോൾ പറവാൻ സാധിക്കയില്ല.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ഉത്തരവയച്ചതു് കമ്പിമുഖാന്തരമാണോ?

MR. S. PARAMESVARA AIYAR (*Secretary to Government*): അതെ.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അതിനുള്ള കാരണമെന്തു?

MR. S. PARAMESVARA AIYAR (*Secretary to Government*): അതു വളരെ വിശ്വാസയോഗ്യതയുള്ള ഒരു കമ്പനിയായിരുന്നു. അങ്ങനെയുള്ള ഒരു കമ്പനിക്കു് അനാവശ്യനഷ്ടമുണ്ടാകരുതെന്നുള്ള ഉദ്ദേശത്താലാണു് അങ്ങനെ ചെയ്തിട്ടുള്ളതു്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ആ കമ്പനിക്കാർ ഏതാനും വെളിച്ചെണ്ണ തീരുവ തീർത്തും ഏതാനും വെളിച്ചെണ്ണ തീരുവ തീർക്കാതേയും അതിനു മുമ്പു പല്ല അവസരങ്ങളിലും കൊണ്ടുപോയിട്ടുള്ളതിനെപ്പറ്റി അസിസ്റ്റന്റു കമ്മീഷണർ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

MR. S. PARAMESVARA AIYAR (*Secretary to Government*): ഉണ്ടു്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അങ്ങനെയുള്ള ഒരു കമ്പനിക്കു എന്തു വിശ്വാസയോഗ്യതയാണു് ഉള്ളതു്?

MR. S. PARAMESVARA AIYAR (*Secretary to Government*): മാന്യസ്ഥിതിയിലുള്ളതും അത്യുന്നതിച്ചുക്കയിൽ കൊല്ലമൊന്നിനു് ഒരു ലക്ഷം രൂപാവരെ തീരുവതീർക്കുന്നതുമായ ഒരു കമ്പനിയായിരുന്നു അതു് എന്നു് അസിസ്റ്റന്റു് എക്സൈസ് കമ്മീഷണരും എക്സൈസ് കമ്മീഷണരും പ്രസ്താവിക്കുന്നു.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അങ്ങനെ തീരുവ തീർത്തും തീർക്കാതേയും സാമാനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന ഒരു കമ്പനിയെപ്പറ്റി ഇങ്ങനെ ഗൌനിച്ചാൽ മതിയോ? അതാണോ ഇവിടത്തെ നയം?

MR. S. PARAMESVARA AIYAR (*Secretary to Government*): അതഭിപ്രായത്തെ ആസ്പദമാക്കിയുള്ള ഒരു ചോദ്യമാണു്. അതിനെത്തരം പറവാൻ സാധിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അങ്ങനെ പലപ്പോഴും തീരുവ തീക്കാതെ കൊണ്ടുപോയിട്ടുള്ള വിവരം ഗവർൺമെൻറിനറിയാമോ ?

MR. S. PARAMESVARA AIYAR (*Secretary to Government*): അറിയാം.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അങ്ങനെകൊണ്ടുപോയിട്ടുള്ള തുകയെന്താണ്?

MR. S. PARAMESVARA AIYAR (*Secretary to Government*): അഞ്ചുതവണയായിട്ട് ഒന്നര രൂപാ മുതൽ ചക്രം നു കാശു തീരുവ തീക്കേണ്ട സാമാനങ്ങൾ കൊണ്ടുപോയിട്ടുള്ളതായി അറിയാം.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അവരെ ശിക്ഷിക്കാൻ എന്തു നടപടി നടത്തി?

MR. S. PARAMESVARA AIYAR (*Secretary to Government*): ആ തീരുവ ഈടാക്കീട്ടുണ്ട്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ഒരു കച്ചവടക്കാരൻ ന്യായമായ തീരുവ തീക്കാതെ സാമാനം കൊണ്ടുപോകുന്നതായാൽ അപ്രകാരം ചെയ്യുന്നതാണോ ഇവിടത്തെ നിയമം?

MR. S. PARAMESVARA AIYAR (*Secretary to Government*): അതിനെപ്പറ്റി മേലനുഷ്ഠാനം നടത്തുവാനാലോചനയുണ്ട്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ൪൪-ാം വകുപ്പിലെ വ്യവസ്ഥപ്രകാരം പ്രായശ്ചിത്തം അടച്ചു തീർന്നതിനുശേഷംമാത്രമേ സാമാനം വിടാൻ പാടുള്ളു എന്നു നിർബന്ധമുണ്ടോ?

MR. S. PARAMESVARA AIYAR (*Secretary to Government*): പിഴ ഒടുക്കിയതിനു ശേഷം വേണം സാമാനം വിട്ടയയ്ക്കാൻ.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ഈ സംഗതിയിൽ അതിനു വിപരീതമായി ചെയ്തിട്ടുള്ളതിന്റെ കാരണമെന്താണ്?

MR. S. PARAMESVARA AIYAR (*Secretary to Government*): അതു പിശകാണെന്നു എക്സൈസ് കമ്മീഷണരെ അറിയിക്കുന്നുണ്ട്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അങ്ങനെ ഡിപ്പാർട്ടുമെൻറധികൃതന്മാർ ചെയ്യുന്ന റിപ്പോർട്ടുകളെ പൂണ്ടിക്കാണിക്കയാണോ ഗവർൺമെൻറു ചെയ്തുവരാറുള്ളത്?

MR. S. PARAMESVARA AIYAR (*Secretary to Government*): അങ്ങനേയും ചെയ്തുവരാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[President.]

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അങ്ങനെ വേറെ ഒരു ദൃഷ്ടാന്തം പറയാൻ സാധിക്കുമോ?

MR. S. PARAMESVARA AIYAR (*Secretary to Government*): തൽകാലം പറവാൻ സാധിക്കുകയില്ല.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ഈ കച്ച വടക്കാക്കു നിശ്ചയിച്ച പ്രായശ്ചിത്തം എപ്പോഴാണ് ഈടാക്കിയത്?

MR. S. PARAMESVARA AIYAR (*Secretary to Government*): ൧൦൯ കക്കടകം ൧൯-ാനു-യാണ് കേസ് തീർച്ച ചെയ്തത്. അപ്പോളീടാക്കിയിരിക്കും.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അതിനു റവന്യൂ റിക്കവറി റഗുലേഷന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

MR. S. PARAMESVARA AIYAR (*Secretary to Government*): അറിവില്ല.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ഈ കച്ച വടക്കാർ ൧,൦൦൦ രൂപാ പിഴ ഒടുക്കണമെന്നു അതുക്കുറി അസിസ്റ്റന്റ് കമ്മീഷണർ റിപ്പോർട്ട ചെയ്തിട്ടുണ്ടോ?

MR. S. PARAMESVARA AIYAR (*Secretary to Government*): ഉണ്ട്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): പിന്നെ എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല?

MR. S. PARAMESVARA AIYAR (*Secretary to Government*): അതു നിയമപ്രകാരം ശരിയല്ല. പരമാവധിയായി ഈടാക്കാവുന്ന പിഴ ൫൦൦ രൂപാ മാത്രമാണ്.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): അതിനുള്ള വകുപ്പ് ഏതാണ്?

MR. S. PARAMESVARA AIYAR (*Secretary to Government*): ൧൫-ാം വകുപ്പു ൨-ാം ഖണ്ഡം.

MR. T. KUMARA PILLAI (*Eraniel* cum *Vilavankod*): ഇങ്ങനെയുള്ള കളവുകളും അവ കണ്ടുപിടിക്കാനുള്ള ചിലവുകളും കസ്റ്റംസ് ഇനത്തിലുള്ള വരവിനെ ക്ഷയിപ്പിക്കുന്നു എന്നുള്ളതു ഗവർമെന്റിനറിയാമോ?

PRESIDENT: It is a matter of opinion and you cannot put a question with regard to a matter of opinion.

LIBRARY ARCHIVES Kerala Legislative Assembly